**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2948 07.12.2018-ലെ മറുപടി**

**'തലശ്ശേരി, കുത്തുപറമ്പ്' കുടിവെള്ള പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ. എൻ. ഷംസീർ** | **കെ. കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| 2017-18 വർഷത്തെ ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമായിട്ടുള്ള 'തലശ്ശേരി, കുത്തുപറമ്പ്' സമഗ്ര കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിന് എന്തെല്ലാം നടപടികളാണ് ഇനി ഉള്ളതെന്നും ആയത് എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ? | 2017-18 വർഷത്തെ ബജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ തലശ്ശേരി-കുത്തുപറമ്പ് സംയോജിത കുടിവെള്ള പദ്ധതിക്ക് 85.86 കോടി രൂപയുടെ ധന സഹായത്തിന് കിഫ്ബിയിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ 23 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ജലസംഭരണി നിർമ്മിക്കാൻ പെരിങ്ങളം വില്ലേജിൽ റീ സർവ്വേ നം 106/2 ൽ 25 സെന്റും 15 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ജല സംഭരണി നിർമ്മിക്കാൻ പെരിങ്ങത്തൂർ വില്ലേജിൽ സർവ്വേ നം 182/1 ബി 2 ൽ 25 സെന്റും 6 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള സമ്പും പമ്പ്ഹൗസും നിർമ്മിക്കാൻ പെരിങ്ങളം വില്ലേജിൽ റീ സർവ്വേ നം 115/3 ൽ 15 സെന്റും ഗ്രാവിറ്റി പൈപ്പ് ലൈൻ സ്ഥാപിക്കാൻ പടുവിലായി വില്ലേജിൽ റീ സർവ്വേ നം 52/2 ൽ 2.5 സെന്റ് സ്ഥലവും ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിന് ഉത്തരവ് നല്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലങ്ങൾ ലാന്റ് അക്വിസിഷൻ വഴി ലഭ്യമാക്കുന്നതിന് 22/11/2018 ൽ കണ്ണൂർ ജില്ല കളക്ടർക്ക് കേരള വാട്ടർ അതോറിറ്റി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ മറ്റൊരു ഘടകമായ 13 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ജല സംഭരണി നിർമ്മിക്കുവാൻ തലശ്ശേരി ഗവ കോളേജിന്റെ 25 സെന്റ് (ചൊക്ലി വില്ലേജ്-റീ സർവ്വേ നം 67/5) ഭൂമി ആവശ്യമാണ്. പ്രസ്തുത സർക്കാർ ഭൂമി വാട്ടർ അതോറിറ്റിക്ക് ലഭ്യമാക്കുന്ന കാര്യം ഉന്നത വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചു വരുന്നു.<br><br>പദ്ധതിക്ക് ആവശ്യമായ എല്ലാ സ്ഥലങ്ങളും ലഭ്യമാക്കിയതിനു ശേഷമേ സാങ്കേതികാനുമതിയ്ക്കുള്ള നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. സ്ഥലം ലഭ്യമായിക്കഴിഞ്ഞാൽ ഏകദേശം രണ്ടു വർഷം കാലയളവിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാമെന്നു പ്രതീക്ഷിക്കുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ